**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4939** **11-08-2021 - ൽ മറുപടിയ്ക്ക്**

**അവയവ ദാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവയവ ദാനം സംബന്ധിച്ച് തീരുമാനമെടുക്കുന്ന ജില്ലാതല സമിതിയുടെ നിലവിലെ ഘടനയെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് അവയവ ദാനം സംബന്ധിച്ച് തീരുമാനം എടുക്കുന്ന ജില്ലാതല സമിതിയുടെ ചെയർമാൻ, കൺവീനർ എന്നിവർ യഥാക്രമം അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഫോറൻസിക് വിഭാഗം മേധാവി എന്നിവരാണ്. കൂടാതെ ഈ സമിതിയിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി, ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിന്റെയും മെഡിക്കൽ ന്യൂറോ വിഭാഗത്തിന്റെയും വകുപ്പുതല മേധാവികൾ എന്നിവർ അംഗങ്ങളാണ്. |
| (ബി) | സമിതി യോഗം ചേരുന്നതിലെ കാലതാമസം കാരണം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡിന്റെ സാഹചര്യത്തിൽ യഥാസമയം ആതറൈസേഷൻ കമ്മിറ്റി യോഗം ചേരുന്നതിന് അതാതു മെഡിക്കൽ കോളേജുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നോമിനിയായി തീരുമാനിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ